"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണം - തലസ്ഥാന നഗര വികസന പദ്ധതി - ജി.ജി.ഹോസ്പിറ്റൽ-പൂന്തി-അണമുഖം ബൈപ്പാസ് റോഡ് വികസനം - എൽ.എ.ആർ.135/2009-മേലുള്ള ബാലൻസ് കക്ഷിയ്ക്ക് അനുവദിക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.425/2025/LSGD തീയതി,തിരുവനന്തപുരം, 11-02-2025

പരാമർശം:-
1. ബഹു. തിരുവനന്തപുരം സബ് കോടതിയുടെ 22.06.2018 തീയതിയിലെ എൽ.എ.ആർ 135/2009-ലെ വിധിന്യായം
2. സ.ഉ.(അച്ചടി) നം.32/2019/ധന തീയതി 18/03/2019
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 16.01.2021 തീയതിയിലെ കെ10-304356/20 നമ്പർ നടപടിക്രമം
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 16.10.2023, 22.01.2025 തീയതികളിലെ എ3/446/22/ട്രിഡ നമ്പർ കത്തുകൾ

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി.ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം ബൈപ്പാസ് വികസനത്തിനായി പട്ടം വില്ലേജിൽ ശ്രീ. പ്രകാശിന്റെ ഉടമസ്ഥതയിലുണ്ടായിരുന്നതും സർവ്വേ നം.406, 403 (LA Re.Sy.No.133) ബ്ലോക്ക് നം.34-ൽ ഉൾപ്പെട്ടതുമായ 0.13 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ.135/2009 കേസിൽ ബാലൻസ് വിധിക്കടത്തുകയായ 13,07,132/- രൂപ അടിയന്തരമായി കക്ഷിയ്ക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (4) പ്രകാരം ട്രിഡ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി.ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം ബൈപ്പാസ് റോഡ് വികസനത്തിനായി പട്ടം വില്ലേജിൽ ശ്രീ. പ്രകാശിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന 0.13 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 135/2009 നമ്പർ കേസിൽ ബഹു. തിരുവനന്തപുരം സബ് കോടതിയുടെ പരാമർശം (1)-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ ബാലൻസ് വിധിക്കടത്തുകയായ 13,07,132/- രൂപ (പതിമൂന്ന് ലക്ഷത്തി ഏഴായിരത്തി ഒരുന്നൂറ്റി മുപ്പത്തി രണ്ട് രൂപാ മാത്രം) കക്ഷിയായ ശ്രീ. പ്രകാശിന് (S/o Govindan, T.C.25/1951, Syan son, PMG,

Vanchiyoor, Thiruvananthapuram) "4217-60-800-93-Payment of compensation in LAR cases" എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം
Sri. Prakash, S/o Govindan, T.C.25/1951, Syan son, PMG, Vanchiyoor, Thiruvananthapuram (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന)
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 11-02-2025 14:36:58
സെക്ഷൻ ഓഫീസർ